**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 476**

**29.01.2019 - ലെ മറുപടിയ്ക്ക്**

**ട്രഷറി നിക്ഷേപങ്ങളുടെ പലിശ നിരക്ക്**

| | **ചോദ്യം** | **മറുപടി** |
|---|---|---|
| | ശ്രീ. റോജി. എം. ജോൺ | ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | ട്രഷറികളിലെ സ്ഥിര നിക്ഷേപങ്ങൾക്ക് 2018 - ൽ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം പലിശയാണ് കുറച്ചതെന്ന് വ്യക്തമാക്കുമോ ; | 30.10.2018 - ലെ സ.ഉ.(പി)നമ്പർ.167/2018/ധന ഉത്തരവ് മുഖേന ഒരു വർഷത്തിനു മേൽ കാലയളവിലുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് മാത്രം പലിശ നിരക്കിൽ 0.50% കുറവ് വരുത്തിയിട്ടുണ്ട്. പിന്നീട്, 12.12.2018 - ലെ സ.ഉ.(പി)നമ്പർ.193/2018/ധന ഉത്തരവ് മുഖേന എല്ലാവിധ ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്കും വീണ്ടും 0.50% കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) | റിസർവ് ബാങ്ക് പലിശ നിരക്ക് കുറയ്ക്കാത്ത സാഹചര്യത്തിൽ ട്രഷറി നിക്ഷേപത്തിന്റെ പലിശ കുറച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ ; | മറ്റു ദേശസാൽകൃത ബാങ്കുകൾ നൽകുന്ന പലിശ നിരക്കിന് ആനുപാതികമായിട്ടാണ് പലിശ നിരക്കിൽ കുറവ് വരുത്തിയിട്ടുള്ളത്. |
| (സി) | ട്രഷറിയിൽ സ്ഥിര നിക്ഷേപം നടത്തിയവരിൽ ഭൂരിഭാഗവും പെൻഷൻകാരാണെന്നിരിക്കെ ട്രഷറി നിക്ഷേപങ്ങളുടെ പലിശ കുറയ്ക്കുന്നത് അവരെ ബുദ്ധിമുട്ടിലാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; | ട്രഷറി പലിശ നിരക്കുകൾ ദേശസാൽകൃത ബാങ്കുകളുടെ പലിശ നിരക്കിനെ അപേക്ഷിച്ച് ആകർഷകമാണ്. പ്രാബല്യ തീയതിയ്ക്കു ശേഷമുള്ള പുതിയ നിക്ഷേപങ്ങൾക്കാണ് പുതുക്കിയ നിരക്ക് ബാധകമാണെന്നിരിയ്ക്കെ നിലവിലുള്ള നിക്ഷേപങ്ങളെ ഇതു ബാധിക്കുന്നില്ല. |
| (ഡി) | അർബൻ സഹകരണ ബാങ്കുകൾ സ്ഥിര നിക്ഷേപത്തിന് നൽകുന്ന പലിശയെങ്കിലും ട്രഷറി നിക്ഷേപങ്ങൾക്ക് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ ? | സഹകരണ ബാങ്കുകൾ നൽകുന്ന പലിശ നിരക്ക് ട്രഷറി നിക്ഷേപങ്ങൾക്ക് ഉറപ്പാക്കുന്നത് പ്രായോഗികമല്ല. |

**അക്കൗണ്ട്സ് ഓഫീസർ**